**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2135** **12-02-2024 - ൽ മറുപടിയ്ക്ക്**

**ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. കെ. അക്ബർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത മത്സ്യബന്ധന യാനങ്ങളും വലകളും മറ്റ് ഉപകരണങ്ങളും അപകടത്തിൽപ്പെട്ട് നഷ്ടമാകുന്ന സാഹചര്യത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആനുകൂല്യം അനുവദിയ്ക്കുമോ; | (എ) | ആനുകൂല്യം അനുവദിക്കുന്നുണ്ട് . |
| (ബി) | ഇതു പ്രകാരം ആനുകൂല്യം ലഭിയ്ക്കുന്നതിനായി സ്വീകരിയ്ക്കേണ്ട നടപടിക്രമങ്ങൾ, ആവശ്യമായ സർട്ടിഫിക്കറ്റുകൾ എന്നിവയെക്കുറിച്ച് വിശദീകരിക്കുമോ; | (ബി) | ഇതുപ്രകാരം ആനുകൂല്യം ലഭിയ്ക്കുന്നതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ, ആവശ്യമായ സർട്ടിഫിക്കറ്റുകൾ എന്നിവ 4.8.2011-ലെ സ.ഉ.(കൈ) നം.295/2011/റവ, 8.02.2020-ലെ സ.ഉ.(കൈ) നം.48/2020/റവ, 02.02.2022-ലെ സ.ഉ.(സാധാ) നം.481/2022/റവ എന്നീ ഉത്തരവുകളിൽ പ്രതിപാദിച്ചിട്ടുണ്ട്. (പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു). |
| (സി) | 2016 മുതൽ നാളിതുവരെ ഗുരുവായൂർ മണ്ഡലത്തിൽ പ്രസ്തുത ആനുകൂല്യം ലഭിച്ചവരുടെയും അപേക്ഷകരുടെയും വില്ലേജ് തിരിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | (സി) | ആനുകൂല്യം ലഭിച്ചവരുടെയും അപേക്ഷകരുടെയും മണ്ഡലം തിരിച്ചുള്ള കണക്ക് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ്—മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി—കടൽക്ഷോഭംമൂലമുണ്ടാകുന്ന ദുരന്തങ്ങൾക്ക് വിധേയരാകുന്നവരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നു

## റവന്യൂ (ഡിആർഎഫ്-എ) വകുപ്പ്

ജി. ഒ (എംഎസ്.) നമ്പർ 295/11/റവ. *തിരുവനന്തപുരം, 2011 ആഗസ്റ്റ് 4.*

## ഉത്തരവ്

കടൽക്ഷോഭംമൂലമുണ്ടാകുന്ന ദുരന്തങ്ങൾക്ക് വിധേയരാകുന്നവരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനു താഴെപറയുന്ന മാർഗ്ഗരേഖ പുറപ്പെടുവിച്ച് ഉത്തരവാകുന്നു:

(1) കടൽക്ഷോഭംമൂലമുണ്ടാകുന്ന ദുരന്തത്തിൽ മരിക്കുന്ന മുതിർന്നവരുടെ കുടുംബത്തിന് ഒരു ലക്ഷം രൂപ ധനസഹായം നൽകാവുന്നതാണ്. കുട്ടികളാണ് മരണപ്പെടുന്നതെങ്കിൽ ധനസഹായമായി 50,000 രൂപ നൽകാവുന്നതാണ്. സഹായധനം നൽകുന്നതിനുവേണ്ടി ഗവൺമെന്റ് ഡോക്ടർ നൽകുന്ന മരണ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. പ്രസ്തുത സർട്ടിഫിക്കറ്റിൽ മരണ കാരണം വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയുടെ മാനദണ്ഡത്തിന്റെ പരിധിയിൽ വരാത്തവർക്ക് മാത്രമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിക്കാവൂ.

(2) കടൽക്ഷോഭ ദുരന്തത്തിൽ മാരകമായ പരിക്കുപറ്റി 40% മുതൽ 75% വരെ വൈകല്യം സംഭവിച്ചിട്ടുള്ളവർക്ക് പരമാവധി 35,000 രൂപ വരെ ധനസഹായം നൽകാവുന്നതാണ്. പ്രസ്തുത ദുരന്തത്തിൽ പരിക്കുപറ്റി ഒരാഴ്ചയിൽ കൂടുതൽ ആശുപത്രിയിൽ കിടന്നു ചികിത്സിക്കേണ്ടി വരുന്നവർക്ക് 7,500 രൂപയും ഒരാഴ്ചയിൽ കുറവ് ആശുപത്രിയിൽ കിടന്നു ചികിത്സിക്കേണ്ടി വരുന്നവർക്ക് 2,500 രൂപയും സഹായധനം നൽകാവുന്നതാണ്.

(3) മേൽപറഞ്ഞ പ്രകൃതി ദുരന്തത്തിൽ വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചാൽ താഴെ പറയുംവിധം ധനസഹായം നൽകാവുന്നതാണ്.

| | |
|---|---|
| പൂർണ്ണമായും തകർന്ന (Pucca) വീടുകളുടെ കേടുപാടുകൾ തീർക്കുന്നതിന് പരമാവധി | 25,000 രൂപ |
| Kutcha വീടുകൾക്ക് | 10,000 രൂപ |
| ഭാഗികമായി തകർന്ന പക്കാ വീടുകൾക്ക് | 5,000 രൂപ |
| കച്ചാ വീടുകൾക്ക് | 2,500 രൂപ |
| 15% വരെ കേടുപാടുകൾ സംഭവിച്ച പക്കാ വീടുകൾക്ക് | 2,500 രൂപ |
| കച്ചാ വീടുകൾക്ക് | 1,500 രൂപ |
| പൂർണ്ണമായി തകർന്ന കുടിലുകൾക്ക് | 2,000 രൂപ |

(4) കടൽക്ഷോഭത്തിൽ ജീവിതോപാധികൾ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് താഴെ കൊടുത്തിട്ടുള്ള പ്രകാരം ധനസഹായം നൽകാം.

വള്ളം, ബോട്ട്, വല, കട്ടമരം എന്നിവ പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് പരമാവധി 7,500 രൂപയും ഭാഗികമായി നഷ്ടപ്പെട്ടവർക്ക് 2,500 രൂപയും നൽകാം. നഷ്ടത്തിന്റെ കണക്ക് ആധികാരികമായി കണക്കാക്കിയിരിക്കണം. ആശ്വാസ ധനം നൽകുന്നതിന് മുമ്പ് ഇതേ ആവശ്യത്തിന് മറ്റ് ഏതെങ്കിലും സഹായധനം കൈപ്പറ്റിയിട്ടില്ലെന്ന് ബന്ധപ്പെട്ടവർ ഉറപ്പു വരുത്തിയിരിക്കണം.

(5) ധനസഹായത്തിനുള്ള അപേക്ഷകൾ ജില്ലാ കളക്ടർമാർക്ക് സമർപ്പിക്കേണ്ടതും ജില്ലാ കളക്ടർമാർ വ്യക്തമായ ശുപാർശകളോടുകൂടി അപേക്ഷകൾ സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. നിവേദിത പി. ഹരൻ,
*അഡീഷണൽ ചീഫ് സെക്രട്ടറി.*

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
എല്ലാ ജില്ലാ കളക്ടർമാർക്കും.
ധനകാര്യ വകുപ്പ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജി).
ദുരന്തനിവാരണ (റവന്യൂ കെ) വകുപ്പ്.
മത്സ്യബന്ധന തുറമുഖ വകുപ്പ്.
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
റവന്യൂ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്.
റവന്യൂ (ഡി.ആർ.എഫ്.-ബി) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

"ഭരണഭാഷ– മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ് – മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി– തീപിടുത്തത്തിൽ വാസഗൃഹങ്ങൾ നഷ്ടപ്പെടുന്നവർക്കും കടൽക്ഷോഭം/മറ്റ് അപകടങ്ങൾ എന്നിവയിൽ വള്ളം, ബോട്ട്, വല, കട്ടമരം എന്നീ ജീവിതോപാധികൾ നഷ്ടപ്പെടുന്നവർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നിലവിൽ നൽകിവന്ന ധനസഹായം വർധിപ്പിച്ച് കൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**റവന്യൂ ( ഡി.ആർ.എഫ്–എ) വകുപ്പ്**

**സ.ഉ.(കൈ) നം.48/2020/റവ.** തീയതി,തിരുവനന്തപുരം, 08/02/2020

---

പരാമർശം:– 1 28.01.2012 ലെ സ.ഉ ( കൈ ) നം. 34/12/ റവ

2 04/08/2011–ലെ സ.ഉ.(കൈ) നം.295/11/റവ–

3 03/09/2016–ലെ സ.ഉ.(കൈ) നം. 492/16/റവ

4 05.02.2018 ലെ സ.ഉ ( കൈ ) നം . 44/2018/ റവ

**ഉത്തരവ്**

തീപിടുത്തം മൂലം വാസഗൃഹങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത ചെറുകിട കച്ചവട സ്ഥാപനങ്ങൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പരാമർ ശം ( 1 ) പ്രകാരം നൽകി വന്ന 10,000/– രൂപ , പരാമർ ശം ( 4 ) പ്രകാരം 15000/–രൂപയായി വർധിപ്പിക്കുകയുണ്ടായി . എന്നാൽ തീപിടുത്തത്തിൽ , വീട് പൂർണ്ണമായി കത്തി നശിക്കുന്ന കേസുകളിലും വീടുകൾക്കുണ്ടാകുന്ന നാശനഷ്ടത്തിനും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നിലവിൽ നൽകി വരുന്ന ധനസഹായവും കൂടാതെ കടൽക്ഷോഭത്തിൽ വള്ളം, ബോട്ട്, വല, കട്ടമരം എന്നീ ജീവിതോപാധികൾ പൂർണ്ണമായും നഷ്ടപ്പെടുന്നവർക്ക് നൽകി വരുന്ന പരമാവധി ധനസഹായമായ 7500/– രൂപയും ഭാഗികമായി നഷ്ടപ്പെടുന്നവർ ക്ക് നൽകി വരുന്ന 2500/– രൂപയും കാലാനുസൃതമായി പരിഷ്കരിച്ച് വർധിപ്പിക്കേണ്ടതിന്റെ ആവശ്യകത സർക്കാർ പരിശോധിച്ചു. തീപിടുത്തം മൂലം വാസഗൃഹങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും കടൽക്ഷോഭത്തിലും മറ്റ് അപകടങ്ങളിലും വള്ളം, ബോട്ട്, വല, കട്ടമരം എന്നീ ജീവിതോപാധികള്ക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകാവുന്ന പരമാവധി ധനസഹായം ചുവടെ പറയും പ്രകാരവും ആയതോടൊപ്പം ചേർത്തിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായും വർധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

a ) തീപിടുത്തത്തിൽ വാസഗൃഹങ്ങൾക്ക് കാര്യമായ നാശനഷ്ടം സംഭവിക്കുന്ന കേസുകളിൽ പരമാവധി 1,00,000/– രൂപയും (ഒരു ലക്ഷം രൂപാ മാത്രം) വീട് പൂർണ്ണമായി കത്തി നശിക്കുന്ന കേസുകളിൽ പരമാവധി 4,00,000/– രൂപയും ( നാല് ലക്ഷം രൂപാ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതാണ്.

b) വീടിന് കാര്യമായ നാശനഷ്ടം സംഭവിക്കുന്ന കേസുകളിൽ റവന്യൂ അധികാരികളിൽ നിന്നുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഫയർഫോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പരമാവധി ഒരു ലക്ഷം രൂപയും വീട് പൂർണ്ണമായി കത്തി നശിക്കുന്ന കേസുകളിൽ റവന്യൂ അധികാരികളുടെ റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിലും ഫയർഫോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും പരമാവധി 4 ലക്ഷം രൂപയും ധനസഹായം അനുവദിക്കുന്നതാണ്. കാര്യമായ നാശനഷ്ടം എന്നത് 50–74% വരെയുള്ള നാശനഷ്ടം എന്നതായി കണക്കാക്കുന്നതാണ്. ആയത് വ്യക്തമായി ശതമാനത്തിന്റെ തോതിൽ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്യേണ്ടതാണ്. നാശനഷ്ടം കണക്കാക്കുന്നത് വീടിനുണ്ടായ നാശത്തെ മാത്രം ആധാരമാക്കിയായിരിക്കണം. നശിച്ച വീട്ടുപകരണങ്ങളുടെ മൂല്യവും ചേർത്ത് നാശനഷ്ടതോത് കണക്കാക്കുവാൻ പാടുള്ളതല്ല. 75%–100% വരെയുള്ളത് പൂർണ്ണമായ നാശനഷ്ടമായി കണക്കാക്കുന്നതും ആയതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പരമാവധി 4 ലക്ഷം രൂപ നൽകുന്നതുമാണ്

തീപിടുത്തത്തിൽ ധനസഹായം അനുവദിക്കുന്നതിന് നാശനഷ്ടത്തിന്റെ തോത് താഴെ പറയും പ്രകാരം നിശ്ചയിക്കുന്നു.

14% വരെയുള്ള നാശനഷ്ടത്തിന് പരമാവധി 10,000/– രൂപ

15%–30% വരെയുള്ള നാശനഷ്ടത്തിന് പരമാവധി 15,000/– രൂപ

31%–49% വരെയുള്ള നാശനഷ്ടത്തിന് പരമാവധി 40,000/– രൂപ

50%–74% വരെയുള്ള നാശനഷ്ടത്തിന് പരമാവധി 1,00,000/– രൂപ

75%–100% വരെയുള്ള നാശനഷ്ടത്തിന് പരമാവധി 4,00,000/– രൂപ(പൂർണ്ണമായ നാശനഷ്ടമെന്ന നിലയിൽ )

c) കുടുംബ വാർഷികവരുമാനം 2,00,000/– (രണ്ട് ലക്ഷം രൂപാ മാത്രം) രൂപയിൽ താഴെയുള്ളവർക്ക് മാത്രമാണ് ധനസഹായത്തിന് അർഹത. തീപിടുത്തം ഉണ്ടായി 6 മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം വർദ്ധിപ്പിച്ച ധനസഹായം നൽകുന്നത് നിലവിൽ ഏതെങ്കിലും അധികാരസ്ഥാനത്ത് തീർപ്പ് കല്പിക്കുവാൻ ശേഷിക്കുന്ന കേസുകളിലും ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതിക്ക് ശേഷം സംഭവിക്കുന്ന അപകടങ്ങൾക്കും മാത്രമായിരിക്കും. നിലവിലുള്ള നിരക്കിൽ ധനസഹായം നൽകി തീർപ്പാക്കിയ കേസുകൾ പുനഃപരിശോധിക്കുന്നതല്ല. വാസഗൃഹങ്ങൾക്ക് മാത്രമാണ് വർധിപ്പിച്ച നിരക്കിലുള്ള ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നത്. പരാമർശം (1) ഉത്തരവിലെ മറ്റ് നിബന്ധനകൾ അതേപടി നിലനിൽക്കുന്നതാണ്.

2) തീപിടുത്തം മൂലം വീടുകൾ പൂർണ്ണമായി കത്തി നശിക്കുന്ന കേസുകളിൽ മാത്രം പരാമർശം (3) പ്രകാരം നിഷ്കർഷിച്ചിട്ടുള്ള പരിധി ബാധമാക്കാതെ മൂന്ന് ലക്ഷം രൂപയിൽ അധികരിച്ച് പരമാവധി നാല് ലക്ഷം രൂപ വരെയുള്ള ധനസഹായം അനുവദിക്കുന്നതിന് ബഹു.മുഖ്യമന്ത്രിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

3 ) കടൽ ക്ഷോഭത്തിൽ വള്ളം, ബോട്ട്, വല, കട്ടമരം എന്നിവ പൂർണ്ണമായും നഷ്ടപ്പെടുന്നവർക്ക് പരാമർശം (2) പ്രകാരം, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകി വന്നിരുന്ന ധനസഹായം താഴെ പറയുന്ന വ്യവസ്ഥകളോടെ വർധിപ്പിച്ച് ഉത്തരവാകുന്നു.

(i) കടൽക്ഷോഭത്തിൽ വള്ളം, ബോട്ട്,എന്നീ ജീവിതോപാധികൾ പൂർണ്ണമായും നഷ്ടപ്പെടുന്നവർക്ക് പരമാവധി 2,00,000/– രൂപയും (രണ്ട് ലക്ഷം രൂപാ മാത്രം) വല, കട്ടമരം എന്നിവ

പൂർണ്ണമായും നഷ്ടപ്പെടുന്നവർക്ക് പരമാവധി 1,00,000/- രൂപയും (ഒരു ലക്ഷം രൂപാ മാത്രം) വള്ളം, ബോട്ട് എന്നിവ ഭാഗികമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 1,00,000/- രൂപയും (ഒരു ലക്ഷം രൂപാ മാത്രം) കട്ടമരം ഭാഗികമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 20,000/- ( ഇരുപതിനായിരം രൂപ മാത്രം ) രൂപയും മുഖ്യമന്ത്രിയുട ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതാണ്.

(ii) കുടുംബ വാർഷിക വരുമാനം 2,00,000/- രൂപയിൽ ( രണ്ട് ലക്ഷം രൂപ മാത്രം) താഴെയുള്ളവർക്ക് മാത്രമായിരിക്കും ധനസഹായത്തിന് അർഹത. ഇപ്രകാരം ധനസഹായം അനുവദിക്കുന്നതിന് അപകടം സംഭവിച്ച് 6 മാസത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കടൽക്ഷോഭത്തിൽ സംഭവിക്കുന്നതിനു പുറമേ , മേൽപ്പറഞ്ഞ ജീവിതോപാധികൾ മത്സ്യബന്ധനത്തിനു ശേഷം സാധാരണ ഗതിയിൽ സൂക്ഷിക്കുന്ന സ്ഥലങ്ങളിൽ സംഭവിക്കുന്ന മറ്റ് അപകടങ്ങളിൽ ഇവയ്ക്ക് നാശനഷ്ടം സംഭവിച്ചാലും ഇപ്രകാരമുള്ള ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്. വർദ്ധിപ്പിച്ച ധനസഹായം നൽകുന്നത് നിലവിൽ ഏതെങ്കിലും അധികാരസ്ഥാനത്ത് തീർപ്പ് കൽപിക്കുവാൻ ശേഷിക്കുന്ന കേസ്സുകളിലും ഇത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ച ശേഷം സംഭവിക്കുന്ന അപകടങ്ങൾക്കും മാത്രമായി പരിമിതപ്പെടുത്തുന്നു. നിലവിലുള്ള നിരക്കിൽ ധനസഹായം നൽകി തീർപ്പാക്കിയ കേസുകൾ പുനഃപരിശോധിക്കുന്നതല്ല. പരാമർശം (2) ഉത്തരവിലെ മറ്റ് നിബന്ധനകൾ അതേപടി നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**വേണു.വി**
**പ്രിൻസിപ്പൽ സെക്രട്ടറി**

പകർപ്പ്,

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

എല്ലാ ജില്ലാ കളക്ടർമാർക്കും ( ആവശ്യമായ നടപടികൾക്കായി)

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു.റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്,

മത്സ്യ ബന്ധന തുറമുഖ വകുപ്പ്

ദുരന്ത നിവാരണ വകുപ്പ്

പൊതുഭരണ (എസ്.സി)വകുപ്പ് (15.01. 2020-ലെ ഇനം നം.3685 പ്രകാരം)

ബഹു.മുഖ്യമന്ത്രിയുടെ കംപ്യൂട്ടർ സെൽ

റവന്യൂ (ഡിആർഎഫ്--ബി /സി വകുപ്പ്)

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by DEEPU S S
Date: 2020.02.11 11:35:19 IST
Reason: Approved

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനായി നിലവിലുള്ള സർക്കാർ ഉത്തരവുകൾ ക്രോഡീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്

G.O.(Rt) No.481/2022/RD തീയതി,തിരുവനന്തപുരം, 02-02-2022

---

പരാമർശം:-

1.29/8/2008-ലെ 43918/DRFA2/08റവ നമ്പർ സർക്കുലർ
2. 30.06.2011 ലെ 29568/DRFA1/11 റവ നമ്പർ സർക്കുലർ
3. 17.10.2012-ലെ 53246/DRFA2/12 റവ നമ്പർ സർക്കുലർ
4.07.08.2012-ലെ 41482/DRFA2/12 റവ നമ്പർ സർക്കുലർ
5. 30.09.2013 - -ലെ സ.ഉ (കയ്യെഴുത്ത് ) നം. 421/2013/റവ
6. 03.09.2016-ലെ സ.ഉ (കയ്യെഴുത്ത് ) നം. 492/2016/റവ
7.14.11.2016-ലെ സ.ഉ (കയ്യെഴുത്ത് ) നം. 568/2016/റവ
8. 19.01.2017-ലെ സ.ഉ (കയ്യെഴുത്ത് ) നം. 23/17/റവ
9. 09.11.2017-ലെ 35776/DRFA1/17 റവ നമ്പർ സർക്കുലർ
10. 05.02.2018-ലെ സ.ഉ (കയ്യെഴുത്ത് ) നം. 44/2018/റവ
11. 27.10.2018-ലെ -ലെ സ.ഉ (കയ്യെഴുത്ത് ) നം. 394/2018/റവ
12. 12.02.2019 -ലെ സ.ഉ (കയ്യെഴുത്ത് ) നം. 52/2019/റവ
13 08.02.2020-ലെ സ.ഉ (കയ്യെഴുത്ത് ) നം. 48/2020/റവ
14. 20.02.2020--ലെ Rev-/DRFA1/19/2020റവ നമ്പർ സർക്കുലർ
15.22.01.21 ലെ സ.ഉ (സാധാ ) നം.251/2021/റവ
16. 16.10.2020-ലെ സ.ഉ (സാധാ ) നം. 3170/2020/റവ
17. 01.09.21 ലെ സ.ഉ(സാധാ) നം.2928/2021/റവ
18. 20.10.2021- ലെ സ.ഉ (സാധാ ) നം. 3543/2021/റവ

<u>ഉത്തരവ്</u>

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം ലഭിക്കുന്നതിനായി സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ സി എം ഒ പോർട്ടലിൽ D നമ്പറായാണ് അക്ഷയ കേന്ദ്രങ്ങൾ മുഖേനയും മറ്റും സ്വീകരിച്ചുവരുന്നത്. അപേക്ഷകളിൽ അടുത്തകാലത്തായി അഭൂതപൂർവമായ വർദ്ധന ഉണ്ടായിട്ടുണ്ട് . ചികിത്സാ ധന സഹായം ,വാസഗൃഹങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത ചെറുകിട കച്ചവടസ്ഥാപനങ്ങൾക്കും തീപിടുത്തം മൂലം നാശനഷ്ടം ഉണ്ടായതിനുള്ള ധനസഹായം ,അപകടമരണം സംഭവിച്ചവരുടെ കുടുംബത്തിന് ധനസഹായം,

വള്ളം, വല, കട്ടമരം തുടങ്ങിയ മത്സ്യബന്ധന ഉപകരണങ്ങൾക്ക് ഉണ്ടായിട്ടുള്ള നാശനഷ്ടത്തിനുള്ള ധനസഹായം എന്നിവയും മറ്റുമാണ് ദുരിതാശ്വാസനിധിയിൽ നിന്നും സി എം ഒ പോർട്ടൽ മുഖേന നിലവിൽ നൽകി വരുന്നത്.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനഹായത്തിന് അപേക്ഷ സമർപ്പിക്കുമ്പോൾ പാലിക്കേണ്ട മാനദണ്ഡം സംബന്ധിച്ചും കൈകാര്യം ചെയ്യേണ്ട രീതി സംബന്ധിച്ചും നിരവധി ഉത്തരവുകളും സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുണ്ട് . അപേക്ഷകളിലെ പോരായ്മകൾ മൂലവും പൂർണമായ രേഖകൾ അപ്‌ലോഡ് ചെയ്യാത്തത് മൂലവും ധനസഹായം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടതിനാൽ വില്ലേജ് ,താലൂക്ക്,കളക്ടറേറ്റുകൾ എന്നിവിടങ്ങളിൽ അപേക്ഷ കൈകാര്യം ചെയ്യേണ്ട രീതി സംബന്ധിച്ച് മുൻപ് പുറപ്പെടുവിച്ച ഉത്തരവുകളിലെ മാർഗനിർദേശങ്ങൾ ക്രോഡീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

* ചികിത്സാ സഹായത്തിന്

| നിർബന്ധമായും Uploadചെയ്യേണ്ട Document | | നിർബന്ധമായും enterചെയ്യേണ്ട വിവരങ്ങൾ | |
|---|---|---|---|
| 1 | 6 മാസത്തിനുള്ളിൽ എടുത്ത മെഡിക്കൽ സർട്ടിഫിക്കറ്റ് | 1 | Date of the Medical Certificate |
| 2 | ആധാർ കാർഡ് | 2 | ആധാർ കാർഡ് നമ്പർ |
| 3 | റേഷൻ കാർഡ് | 3 | റേഷൻ കാർഡ് നമ്പർ |
| 4 | ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ്-(As per G.O.(Rt)No.251/2021/RD date d22/01/2021). | 4 | അക്കൗണ്ട് നമ്പർ , IFS Code, Branch Name |
| 5 | | 5 | Annual Income |
| 6 | Duplication of Application | 6 | Check duplication- duplication ഉണ്ടെങ്കിൽ മുൻപ് നൽകിയ തുക എത്രയെന്നും ഏത് തിയതിയിലുമാണെന്ന വിവരം |
| 7. | രോഗിക്കുവേണ്ടി തൊട്ടടുത്ത ബന്ധു അപേക്ഷിക്കുന്ന പക്ഷം തുക അപേക്ഷന്റെ അക്കൗണ്ടിൽ നൽകുന്നതിന് തയ്യാറാണെന്ന രോഗിയുടെ സമ്മതപത്രം/രോഗി സമ്മതപത്രം തയ്യാറാക്കാൻ പറ്റാത്തത്ര അവശ നിലയിലാണെങ്കിൽ വില്ലേജ് ഓഫീസറുടെ റിപ്പോർട്ട് | | |

*അപകടമരണത്തിനുള്ള ധനസഹായം

| നിർബന്ധമായും Uploadചെയ്യേണ്ട Document | | നിർബന്ധമായും enterചെയ്യേണ്ടത് | |
|---|---|---|---|
| 1 | Death Certificate (full text) (അപകടമരണം നടന്ന് ഒരു വർഷത്തിനുള്ളിൽ അപേക്ഷ സമർപ്പിക്കണം) | 1 | Date of Death |
| 2 | FIR (full text) | 2 | - |

| | | | |
|---|---|---|---|
| 2 | FIR (full text) | 2 | |
| 3 | Post-mortem Report (Full text) | 3 | മരണ കാരണം (cause of death in the Post-mortem Report) |
| 4 | ആധാർ കാർഡ് | 2 | ആധാർ കാർഡ് നമ്പർ |
| 5 | റേഷൻ കാർഡ് | 3 | റേഷൻ കാർഡ് നമ്പർ |
| 6 | ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ്-(As per G.O.(Rt)No.251/2021/RD date d22/01/2021). | 4 | അക്കൗണ്ട് നമ്പർ , IFS Code, Branch Name |
| 7 | | 5 | Annual Income |
| 8 | Duplication of Application | 6 | Check duplication- duplication ഉണ്ടെങ്കിൽമുൻപ് നൽകിയ തുക എത്രയെന്നും ഏത് തിയതിയിലുമാണെന്ന വിവരം |
| 9. | വിവാഹിതനാണോ എന്നത് വില്ലേജ് ഓഫീസർ വ്യക്തമാക്കേണ്ടതാണ് | | വിവാഹിതൻ/വിവാഹിത മരണപ്പെടുന്ന കേസിൽ,പങ്കാളി അല്ലാതെ മറ്റൊരാൾ അപേക്ഷിക്കുന്ന പക്ഷം തുക അപേക്ഷന്റെ അക്കൗണ്ടിൽ നൽകുന്നതിന് തയ്യാറാണെന്ന പങ്കാളിയുടെ സമ്മതപത്രം |

**<u>*തീപിടുത്തത്തിന് ധനസഹായം</u>**

| നിർബന്ധമായും Uploadചെയ്യേണ്ട Document | | | നിർബന്ധമായും enterചെയ്യേണ്ടത് |
|---|---|---|---|
| 1 | Fire force Report | | നഷ്ടശതമാന കണക്ക് |
| 2 | FIR | | |
| 3 | District Collector Report | | |
| 4 | വാസഗൃഹങ്ങളുടെ കേസിൽ നഷ്ടശതമാന കണക്ക് നിർബന്ധമായും ജില്ലാ കളക്ടർ രേഖപ്പെടുത്തണം (As per G.O.(Ms)No.48/2020/RD dated 08/02/2020). | | |
| 5 | ചെറുകിട വ്യാപാര സ്ഥാപനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉണ്ടോ എന്നുള്ള റിപ്പോർട്ട്. | | YES/NO |
| 6 | ആധാർ കാർഡ് | | ആധാർ കാർഡ് നമ്പർ |
| 7 | റേഷൻ കാർഡ് | | റേഷൻ കാർഡ് നമ്പർ |
| 8 | ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ്(As per G.O.(Rt)No.251/2021/RD date d22/01/2021). | | അക്കൗണ്ട് നമ്പർ , IFS Code, Branch Name |
| 9 | | | Annual Income |
| 10 | Duplication of Application | | Check duplication- |

| | | |
|---|---|---|
| | | duplication ഉണ്ടെങ്കിൽ നൽകിയ തുക എത്രയെന്നും ഏത് തിയതിയിലുമാണെന്ന വിവരം |

*വള്ളം, വല, കട്ടമരം തുടങ്ങിയ മത്സ്യബന്ധന ഉപകരണങ്ങൾ ഉണ്ടാകുന്ന നാശനഷ്ടത്തിനുള്ള ധനസഹായത്തിന്

| നിർബന്ധമായുംUpload ചെയ്യേണ്ടDocument | | നിർബന്ധമായും enterചെയ്യേണ്ടത് |
|---|---|---|
| 1 | നാശനഷ്ടം സംഭവിച്ച് 6മാസത്തിനകം അപേക്ഷ സമർപ്പിക്കണം. | പൂർണ്ണം / ഭാഗികം |
| 2 | നാശനഷ്ടത്തിന്റെ തോത് | ജില്ലാ കളക്ടറുടെ റിപ്പോർട്ട് |
| 3 | ആധാർ കാർഡ് | ആധാർ കാർഡ് നമ്പർ |
| 4 | റേഷൻ കാർഡ് | റേഷൻ കാർഡ് നമ്പർ |
| 5 | ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ്-(As per G.O.(Rt)No.251/2021/RD date d22/01/2021). | അക്കൗണ്ട് നമ്പർ , IFS Code, Branch Name |
| 6 | | Annual Income |
| 7 | Duplication of Application | Check duplication-duplication ഉണ്ടെങ്കിൽ നൽകിയ തുക എത്രയെന്നും ഏത് തിയതിയിലുമാണെന്ന വിവരം |

*

അപേക്ഷകൻ /ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ട് വിവരം അപ്ഡേറ്റ് ചെയ്യേണ്ടതിന്റെ പൂർണ ഉത്തരവാദിത്വം വില്ലേജ് ഓഫീസറിൽ നിക്ഷിപ്തമായിരിക്കേ തെറ്റായ അക്കൗണ്ട് വിവരങ്ങൾ ചേർക്കുന്നത് വഴി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിക്കുന്ന ധനസഹായം തെറ്റായ അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ടാൽ ടി തുക വില്ലേജ് ഓഫീസറുടെ ബാധ്യതയായി കണക്കാക്കുന്നതാണ്

*സാധാരണ രോഗങ്ങൾക്ക് ധനസഹായം ശുപാർശ ചെയ്യാതിരിക്കാനും അനുവദിക്കാതിരിക്കാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

*ഹെർണിയ, അൾസർ ,അപ്പൻഡിസൈറ്റിസ്, ആസ്ത്മ, മാനസിക രോഗം, അപസ്മാരം, ജോയിന്റ് പെയിൻ, ബാക്ക് പെയിൻ, ആർത്രൈറ്റിസ്, Hepatitis, തൈറോയിഡ്, യൂട്രസ് സംബന്ധമായ അസുഖം തുടങ്ങിയ രോഗങ്ങൾ ,കണ്ണ് രോഗങ്ങൾ, ഒടിവ്,ചതവ്, ഗുരുതരമല്ലാത്ത സാധാരണ രോഗങ്ങൾ എന്നിവ കളക്ടറേറ്റിൽ തന്നെ തീർപ്പാക്കേണ്ടതാണ്.

* പൂർണ്ണമായ അപേക്ഷകൾ പരിശോധിച്ച് CMDRF ൽ നിന്ന് 10000/- രൂപ വരെ അനുവദിക്കുവാൻ ജില്ലാ കളക്ടർക്ക് അനുവാദമുള്ളതാണ്. ആയത് പ്രകാരം അപേക്ഷകളിൽ ഉചിതമായ തുക ജില്ലാ കളക്ടർക്ക് അനുവദിക്കാവുന്നതാണ്.

* HIVരോഗികൾക്ക് ധനസഹായമായി 6 മാസത്തിലൊരിക്കൽ 6000രൂപ അനുവദിക്കുന്നതിന്

ജില്ലാ കളക്ടർക്ക് അനുമതി നൽകിയിട്ടുണ്ട്.

*കിഡ്നി ,കരൾ, ഹൃദയം ,ക്യാൻസർ, ബ്രെയിൻ സംബന്ധമായ രോഗങ്ങൾ, അപൂർവ്വ രോഗങ്ങൾ, മറ്റ് ഗുരുതര രോഗങ്ങൾ ,സർക്കാർ തലത്തിൽ തീർപ്പാക്കേണ്ട അപേക്ഷകൾ മാത്രമേ സർക്കാരിലേക്ക് ശിപാർശ ചെയ്യും വ്യക്തമായ റിപ്പോർട്ട് സഹിതവും അയക്കാവൂ.

* ഗുരുതര രോഗങ്ങൾ വന്നവരുടെ പ്രത്യേക സാഹചര്യം പരിഗണിച്ച് ധനസഹായ തുക ലഭിച്ച് രണ്ട് വർഷത്തിനുശേഷം വീണ്ടും ധനസഹായത്തിന് അപേക്ഷിക്കാവുന്നതാണ്. ഇത്തരം കേസുകളിലെ അപേക്ഷകൾ മാത്രമേ വീണ്ടും സർക്കാരിലേക്ക് സമർപ്പിക്കാവൂ, മുൻപ് ലഭിച്ച തുകയും തിയതിയും നോട്ടിൽ രേഖപ്പെടുത്തേണ്ടതാണ്.

*.അപകടത്തിന്-ധനസഹായത്തിന് അപേക്ഷ സർക്കാരിലേക്ക് സമർപ്പിക്കുമ്പോൾ മരണപ്പെട്ട ആൾ വിവാഹിതനാണോ എന്നത് നോട്ടിൽ രേഖപ്പെടുത്തേണ്ടതാണ്. വിവാഹിതൻ/വിവാഹിത അപകടത്തിൽ മരണപ്പെടുന്ന കേസിൽ ,പങ്കാളി അല്ലാതെ മറ്റൊരാൾ അപേക്ഷിക്കുന്ന പക്ഷം തുക അപേക്ഷകന്റെ അക്കൗണ്ടിൽ നൽകുന്നതിന് തയ്യാറാണെന്ന പങ്കാളിയുടെ സമ്മതപത്രം അപ്ലോഡ് ചെയ്യേണ്ടതാണ്.

* മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിനായി സമർപ്പിക്കപ്പെടുന്ന താഴെ പറയുന്ന കാരണങ്ങൾ കാണിച്ചുകൊണ്ടുള്ള അപേക്ഷകൾ ഒഴിവാക്കേണ്ടതാണ് .(1) ഭർത്താവ് ഉപേക്ഷിച്ചുപോയവർക്ക് ധനസഹായം (2)ആത്മഹത്യ ചെയ്തവരുടെ ആശ്രിതർക്ക് ധനസഹായം (3)ബാങ്ക് വായ്പ തിരിച്ചടയ്ക്കാൻ ധനസഹായം(4) മക്കളുടെ വിദ്യാഭ്യാസത്തിന് ധനസഹായം (5)ആശുപത്രികളിൽ വിവിധ രോഗങ്ങൾ മൂലം മരണമടയുന്നവർക്കുള്ള ധനസഹായം .ഇത് നിപ്പ മുതലായ ചില പ്രത്യേക സാഹചര്യങ്ങളിൽ മാത്രം നൽകുന്നതാണ്

*ആവശ്യം വേണ്ട രേഖകൾ സമർപ്പിക്കപ്പെടാത്ത അപേക്ഷകളും പൂർണമായ വിവരങ്ങൾ ഇല്ലാത്ത അപേക്ഷകളും യാതൊരു കാരണവശാലും സർക്കാരിലേക്ക് സമർപ്പിക്കരുത്.അപേക്ഷകൾ അപൂർണമാണെങ്കിൽ അതിനുള്ള കാരണം അപേക്ഷകനെ അറിയിച്ച് ഉചിത തീരുമാനം ജില്ലാ കളക്ടർ തലത്തിൽ എടുക്കേണ്ടതാണ് .മേൽ നിർദേശിച്ച പ്രകാരമുള്ള പൂർണമായ വിവരങ്ങൾ ഉൾപ്പെടുത്തിയ അപേക്ഷകൾ മാത്രമേ ജില്ലാ കളക്ടറേറ്റുകളിൽ നിന്ന് സർക്കാരിലേക്ക് അയയ്ക്കാവൂ . ജില്ലാ കളക്ടർമാർ ഇക്കാര്യത്തിൽ വേണ്ട നിർദ്ദേശങ്ങൾ അക്ഷയ കേന്ദ്രങ്ങൾക്ക് നൽകേണ്ടതും ജാഗ്രത പാലിക്കേണ്ടതുമാണ്.

* അപേക്ഷകൾ അക്ഷയകേന്ദ്രങ്ങളിലും മറ്റും കൈകാര്യം ചെയ്യുന്ന ആദ്യ ഘട്ടത്തിൽ തന്നെ മേൽ പരാമർശിച്ച പൂർണ്ണമായ വിവരങ്ങൾ നിർബന്ധമായും ഡാറ്റാ എൻട്രി വരുത്തിയശേഷം മാത്രം അടുത്ത തലത്തിലേക്ക് ഫോർവേഡ് ചെയ്യാൻ സാധിക്കുന്ന വിധത്തിൽ സോഫ്റ്റ് വെയറിൽ ആവശ്യമായ മാറ്റങ്ങൾ മൂന്ന് മാസത്തെ സമയപരിധിക്കുള്ളിൽ വരുത്തുന്നതിനായി സി ഡിറ്റ് റജിസ്ട്രാറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DR A JAYATHILAK I A S

ADDL. CHIEF SECRETARY

കമ്മീഷണർ, ലാൻ്റ് റവന്യൂ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും ,

എല്ലാ തഹസിൽദാർമാർക്കും , വില്ലേജ് ഓഫീസർമാർക്കും ( ജില്ലാ കളക്ടർമാർ മുഖേന)
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
സ്പെഷ്യൽ സെക്രട്ടറി, റവന്യൂ വകുപ്പ് - ന്റെ സി എ യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
മുഖ്യമന്ത്രിയുടെ കമ്പ്യൂട്ടർ സെൽ
രജിസ്ട്രാർ, സി ഡിറ്റ്
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Misha C P**
**Date: 08-02-2022 12:37:36**
സെക്ഷൻ ഓഫീസർ